"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലർക്ക് ശ്രീ. ശ്രീജിത്ത് കുമാർ വി-യ്ക്ക് എതിരായ അച്ചടക്ക നടപടി - അപ്പീൽ അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2151/2025/LSGD തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 02/12/2022 തീയതിയിലെ PAN/17441/2019-D1(DP) നമ്പർ നടപടിക്രമം.
2. താമരശ്ശേരി ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലർക്ക് ശ്രീ. ശ്രീജിത്ത് കുമാർ വി. 03/03/2023 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയടെ 24.04.2024 തീയതിയിലെ LSGD/PD/7934/2023-VIGD4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ചട്ടവിരുദ്ധമായി കെട്ടിടനിർമ്മാണ അനുമതിയും കെട്ടിട നമ്പറും അനുവദിച്ചതായി മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. മിഥുൻ കൈലാസ് സമർപ്പിച്ച പരാതിയിന്മേൽ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ.സലിം ഒ.ടി. ഒട്ടകം തൊടുകയിൽ വാവാട് എന്നയാൾ 06/09/2016 ന് ബി1/12187/2016 ആയി മൂന്നു നിലകളുള്ള വാണിജ്യ ആവശ്യത്തിനായുള്ള കെട്ടിട നിർമ്മാണ അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ ഫയർ എൻ.ഒ.സി ഹാജരാക്കാതെ പെർമിറ്റ് അനുവദിച്ചതായും, ശ്രീ എ.കെ.ഷാജി, ആശാരിയ്ക്കൽ പരപ്പൻ പൊയിൽ എന്നയാളുടെ മൂന്നു നിലകളുള്ള വാണിജ്യ ആവശ്യത്തിനായുള്ള കെട്ടിട നിർമാണത്തിന് 12/06/2014-ന് ബി1/6428/14 ആയി അനുമതി നൽകുകയും തുടർന്ന് 25/07/2016 ന് കെട്ടിട നമ്പറിനായി അപേക്ഷ സമർപ്പിച്ചതിൽ ഫയർ എൻ.ഒ.സി ഹാജരാക്കാതെ കെട്ടിട നമ്പർ അനുവദിച്ച വിഷയത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. സുജൻ. പി.കെ, സെക്ഷൻ ക്ലർക്കായ ശ്രീ. ശ്രീജിത്ത് കുമാർ എന്നിവർക്കെതിരെയും KCS (CC&A) ചട്ടം 16 പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്ക നടപടി, പരാമർശം (1) പ്രകാരം സെൻഷ്വർ എന്ന ലഘുശിക്ഷ നൽകി തീർപ്പാക്കി പഞ്ചായത്ത് ഡയറക്ടർ ഉത്തരവായിരുന്നു.

2. കെട്ടിട നിർമ്മാണ അനുമതി നൽകുന്ന സമയത്തും പൂർത്തീകരിയ്ക്കുന്ന സമയത്തും പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളുമാണ് കെട്ടിടങ്ങളുടെ കാര്യത്തിൽ ബാധകമാക്കേണ്ടത് എന്നതിനാലും സെക്രട്ടറിയ്ക്ക് സമർപ്പിയ്ക്കുന്നതിനു മുൻപായി ഫയൽ പരിശോധിച്ചതിൽ മേൽ ജീവനക്കാരുടെ ഭാഗത്ത് ശ്രദ്ധക്കുറവ് ഉണ്ടായിട്ടുള്ളതായും കണ്ട് ഭാവിയിൽ ടി ജീവനക്കാരുടെ സേവനകാലയളവിൽ ഇത്തരം വീഴ്ചകൾ ആവർത്തിയ്ക്കരുതെന്നു നിദ്ദേശിച്ചുകൊണ്ടാണ് ശ്രീ.ശ്രീജിത്ത് കുമാർ ഉൾപ്പെടെയുള്ള മേൽ ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി സെൻഷ്വർ നൽകി അവസാനിപ്പിച്ച് ഉത്തരവായിരുന്നത്.

3. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ശ്രീജിത്ത് കുമാർ സമർപ്പിച്ച പരാമർശം (2) അപ്പിൽ ഹർജിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച അഭിപ്രായ റിപ്പോർട്ട് പ്രകാരം മേൽ ജീവനക്കാർക്കെതിരെ അച്ചടക്കനടപടിയ്ക്ക് ആധാരമായ രണ്ട് ഫയലുകളിലും സാങ്കേതിക വിഭാഗം ജീവനക്കാർ കെ.പി.ബി.ആർ. 2011 പ്രകാരം ഫയർ എൻ.ഒ.സി. ആവശ്യമാണെന്നത് സെക്രട്ടറിയെ അറിയിയ്ക്കാതിരുന്നത് ഗുരുതര വീഴ്ചയാണെന്നതും, കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും പെർമിറ്റ് അനുവദിയ്ക്കുന്നത് സംബന്ധിച്ച് കൃത്യമായ ശുപാർശ ചെയ്യേണ്ടതും എഞ്ചിനീയറിംഗ് വിഭാഗമാണ് എന്നതു പരിഗണിച്ചും, എന്നിരുന്നാലും കെട്ടിട നിർമ്മാണ അനുമതി നൽകുന്ന സമയത്തും, പൂർത്തീകരിയ്ക്കുന്ന സമയത്തും പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളുമാണ് കെട്ടിടങ്ങളുടെ കാര്യത്തിൽ ബാധകമാക്കേണ്ടത് എന്നതിനാലും, സെക്രട്ടറിയ്ക്കു സമർപ്പിയ്ക്കുന്നതിന് മുൻപായി ഫയൽ പരിശോധിച്ചതിൽ മേൽ ജീവനക്കാരുടെ ഭാഗത്ത് ശ്രദ്ധക്കുറവ് ഉണ്ടായിട്ടുള്ളതായും കണ്ട് ഭാവിയിൽ സേവനകാലയളവിൽ ഇത്തരം വീഴ്ചകൾ ആവർത്തിയ്ക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ടാണ് ശ്രീ. മനോജ് കുമാർ, ശ്രീ. സുജൻ പി.കെ., ശ്രീ. ശ്രീജിത്ത് കുമാർ എന്നിവർക്കെതിരായ അച്ചടക്കനടപടി സെൻഷ്വർ എന്ന ലഘുശിക്ഷ നൽകി അവസാനിപ്പിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത ഉത്തരവിലെ ശിക്ഷ പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ലായെന്ന് അറിയിക്കുകയുണ്ടായി.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചു. മേൽ പരാമർശിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് ഫയൽ പരിശോധിക്കുന്നതിൽ മേൽ ജീവനക്കാരുടെ ഭാഗത്ത് ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ടെന്ന് നിരീക്ഷിച്ചാണ് ഭാവിയിൽ ഇപ്രകാരമുള്ള വീഴ്ചകൾ ഉണ്ടാകരുതെന്ന സദുദ്ദേശം മുൻനിർത്തി താമരശ്ശേരി ഗ്രാമ പഞ്ചായത്തിലെ മുൻ സെക്ഷൻ ക്ലർക്ക് ശ്രീ. ശ്രീജിത് കുമാർ ഉൾപ്പെടെയുള്ള മേൽ ജീവനക്കാർക്കെതിരെ KCS (C.C &A) ചട്ടം 16 പ്രകാരം 'സെൻഷ്വർ' എന്ന ലഘുശിക്ഷ നൽകി ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത നടപടി പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

5. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്ഷൻ ക്ലർക്ക് ആയിരുന്ന ശ്രീ.ശ്രീജിത്ത് കുമാർ സമർപ്പിച്ച പരാമർശം (2) അപ്പിൽ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ശ്രീജിത്ത് കുമാർ വി, മുൻ സെക്ഷൻ ക്ലർക്ക്, താമരശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.

4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/117/2023/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 30-08-2025 15:38:31
സെക്ഷൻ ഓഫീസർ